(ബി) മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരുന്ന പ്രശ്നത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള ഗ്രന്ഥശാലാസംഘം

80 [161] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രന്ഥശാലാ സംഘത്തിലേക്ക് തിരഞ്ഞെടുപ്പ് നടത്തി ഭരണസമിതിയെ തിരഞ്ഞെടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ തിരഞ്ഞെടുപ്പ് നടത്തുമെന്ന് വ്യക്തമാക്കുമോ;

(സി) തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൽക്കാലം ഇല്ല.

(ബിയും സിയും) കേരള ഗ്രന്ഥശാലാനിയമം ഈ അസംബ്ലിയിൽ അവതരിപ്പിക്കുന്നതാണ്. അത് നിയമമായിക്കഴിയുമ്പോൾ ഭരണസമിതിയെ തിരഞ്ഞെടുക്കുന്നതാണ്.

സംസ്ഥാനത്തെ അദ്ധ്യാപകരുടെ എണ്ണം

81 [162] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്കൂൾ മേഖലയിലും ഗവൺമെന്റ് മേഖലയിലുമായി സ്കൂൾ കോളേജ് വിഭാഗങ്ങളിൽ ആകെ എത്ര അദ്ധ്യാപകർ ഉണ്ട്?

ഉത്തരം

സ്കൂൾമേഖലയിൽ 115947-ും ഗവൺമെന്റ് മേഖലയിൽ 69504-ും സ്കൂൾ അദ്ധ്യാപകർ ഉണ്ട്.

ആർട്ട്സും, സയൻസും, ട്രെയിനിംഗ്, സംസ്കൃതം, മ്യൂസിക്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നീ വിഭാഗങ്ങളിലായി സ്കൂൾമേഖലയിൽ 10433-ും ഗവൺമെന്റ് മേഖലയിൽ 2446-ും അദ്ധ്യാപകർ ഉണ്ട്.

വഴി അടച്ചതായുള്ള പരാതി

82 [164] ശ്രീ. കെ. പി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റീജിയണൽ എൻജിനീയറിംഗ് കോളേജ് പരിസരവാസികളും സഞ്ചരിച്ചിരുന്ന വഴിയും മുസ്ലീം വിദ്യാർത്ഥികളും സ്റ്റാഫും നമസ്കാരത്തിനുവേണ്ടി പള്ളിയിലേക്ക് പോയിരുന്ന വഴിയും അടച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ കാരണമെന്താണ്;

(സി) അവർക്ക് സഞ്ചരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി എന്താണ്?

ഉത്തരം

(എ,ബി) കോളേജ് കോമ്പൗണ്ടിനുചുറ്റും മതിൽ കെട്ടുകയുണ്ടായി. ഇങ്ങനെ മതിൽ കെട്ടുകയാൽ കോളേജ് വക സ്ഥലത്തുകൂടി അനധികൃതമായി വഴിനടന്നുകൊണ്ടിരുന്നവർക്ക് ഇപ്പോഴും അങ്ങനെ കോളേജ് സ്ഥലം മുറിച്ച് നടക്കുവാൻ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. അല്ലാതെ വഴിയൊന്നും അടച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൊതുജനങ്ങളുടെ സൗകര്യത്തിനായി കോളേജ് അധികൃതർ നേരത്തെതന്നെ 24 അടി വീതിയുള്ള ഒരു റോഡിന് സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്.

കോഴിക്കോട്-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന കടലോര റോഡ്

83 [165] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-ബേപ്പൂർ തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ഒരു കടലോരറോഡ് നിർമ്മിക്കുവാൻ ഹാർബർ എൻജിനീയറിംഗ് വകുപ്പ് ഇൻവെസ്റ്റിഗേഷൻ നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഈ റോഡിന് എത്ര കിലോമീറ്റർ ദൂരം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഈ റോഡിനുവേണ്ടി എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ മതിപ്പുചെലവാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ റോഡിന്റെ പണി എന്നു തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) ഏകദേശം 9.25 കി. മീറ്റർ.

(സി) ഉണ്ട്. ഇതിന്റെ അടങ്കൽതുക 355 ലക്ഷം രൂപയാണ്.

(ഡി) പദ്ധതിയുടെ പ്രോജക്റ്റ് എസ്റ്റിമേറ്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധന പൂർത്തിയായതിനുശേഷമേ എന്ന് പണി ആരംഭിക്കുവാൻ കഴിയുമെന്ന് നിശ്ചയിക്കുകയുള്ളൂ. ഏഴാം പദ്ധതിയിൽ ഇതിനുവേണ്ടി എത്ര തുക നീക്കിവയ്ക്കാൻ സാധിക്കും എന്നുള്ളതനുസരിച്ചുകൂടിയായിരിക്കും ഇതിന് അംഗീകാരം കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly